**ആന്റോ ആന്റണി എം. പി.**
പത്തനംതിട്ട

പ്രിയപ്പെട്ടവരെ,

ഈ വരുന്ന ഏപ്രിൽ മാസം 26-ാം തീയതി നടക്കുന്ന പതിനെട്ടാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽനിന്നും ഐക്യജനാധിപത്യമുന്നണി സ്ഥാനാർത്ഥിയായി ഞാൻ മത്സരിക്കുന്ന വിവരം അങ്ങയെ വിനയപൂർവ്വം അറിയിച്ചുകൊള്ളട്ടെ. താങ്കളുടെയും കുടുബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും പിന്തുണയും സഹകരണവും എനിക്കുണ്ടാവണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന സുപ്രധാനമായ തെരഞ്ഞെടുപ്പാണിത്. ബഹുസ്വരതയെ ഉയർത്തിപ്പിടിക്കുന്ന നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന ശിലകളായ ജനാധിപത്യത്തിനും മതേതരത്വത്തിനും വികസന സങ്കല്പങ്ങൾക്കുമെല്ലാം കനത്ത ആഘാതങ്ങളേല്പിക്കപ്പെട്ട പത്തുവർഷങ്ങൾക്കാണ് രാജ്യം സാക്ഷിയായത്. അധികാരത്തിലേറുന്നതിന് മുന്നോടിയായി നരേന്ദ്രമോദി ഈ രാജ്യത്തെ ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങൾ എല്ലാംതന്നെ വെറും ജലരേഖകൾ മാത്രമായി മാറി. ഈ ജനവഞ്ചനയ്ക്കും കാപട്യത്തിനും കോർപ്പറേറ്റ് പ്രീണന നയങ്ങൾക്കുമെല്ലാം എതിരെ ആളിക്കത്തുന്ന സമൂഹമനസാക്ഷിയുടെ പ്രതിഷേധത്തിന്റെ പ്രതിഫലനം എന്ന തരത്തിലാവണം ഇക്കുറി നമ്മുടെ സമ്മതിദാന അവകാശം നാം വിനിയോഗിക്കാൻ. മാനവികമൂല്യങ്ങളിലും ജനാധിപത്യബോധത്തിലും മതേതരത്വത്തിലും അടിയുറച്ച ഒരു ഇന്ത്യയെ വീണ്ടെടുക്കാൻ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിക്ക് മാത്രമേ സാധിക്കുകയുള്ളൂ.

അഴിമതിയിലും ധൂർത്തിലും ആറാടിനിൽക്കുന്ന കേരളത്തിലെ ഇടതു സർക്കാർ നമ്മുടെ നാടിന്റെ സാമ്പത്തിക രംഗത്തെയാകെ താറുമാറാക്കുകയും കാർഷിക മേഖലയെ പൂർണ്ണമായി അവഗണിച്ചുകൊണ്ടുമാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ധാർഷ്ട്യം മുഖമുദ്രയാക്കിയ കേരളത്തിലെ ദുർഭരണത്തിനെതിരെ ശക്തമായ പ്രതികരണത്തിനുള്ള ഈ അവസരത്തെ ഉചിതമായി വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമുക്കും നമ്മുടെ വരുംതലമുറകൾക്കും മെച്ചപ്പെട്ട ഒരു ജീവിതം സാധ്യമാകുന്ന വിധത്തിൽ നമ്മുടെ പാർലമെന്റ് മണ്ഡലത്തെ, വികസന രംഗത്ത് പരിവർത്തനം ചെയ്യിപ്പിക്കുന്നതിനായാണ് കഴിഞ്ഞ കാലയളവിൽ ഞാൻ പ്രവർത്തിച്ചതും പരിശ്രമിച്ചിട്ടുള്ളതും.

നമ്മുടെ നാട് വികസനരംഗത്ത് കാലോചിതമായി കൈവരിക്കേണ്ട പുരോഗതിയെ സംബന്ധിച്ചുള്ള നിരന്തരമായ ആശയവിനിയമങ്ങൾക്കാണ് ഈ കാലയളവിൽ നിങ്ങളുടെ ജനപ്രതിനിധി എന്ന നിലയിൽ ഞാൻ ഊന്നൽ നൽകിയിട്ടുള്ളത്. നമ്മുടെ നാടിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കണം, നഗരങ്ങളും ഗ്രാമങ്ങളുമായുള്ള കണക്ടിവിറ്റി ഇനിയും മെച്ചപ്പെടുത്തണം. ലോകനിലവാരമുള്ള വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിക്കണം, മാനസികവും കായികവുമായ ഉല്ലാസങ്ങൾക്ക് പ്രായഭേദമെന്യേ എല്ലാവർക്കും പ്രാപ്യമായ പൊതുഇടങ്ങൾ ഉണ്ടാവണം. ഐടിമേഖലയിലുൾപ്പെടെ പുതിയ സ്ഥാപനങ്ങൾ യാഥാർത്ഥ്യമാവുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും വേണം. എന്നിങ്ങനെ നമ്മൾ നാളിതുവരെ നേടിയതും മുന്നിൽ കാണുന്നതുമായ അനവധി ലക്ഷ്യങ്ങൾ നമുക്ക് കൈവരിക്കണം.



കഴിഞ്ഞ നാളുകളിൽ നിങ്ങൾ എനിക്കു നൽകിയ പിന്തുണയും സ്നേഹവും എന്നിൽ അർപ്പിച്ച വിശ്വാസവും ഈ അവസരത്തിൽ ഞാൻ നന്ദിപൂർവ്വം ഓർക്കുന്നു. നമ്മുടെ പാർലമെന്റ് മണ്ഡലത്തിന്റെ നാളിതുവരെയുള്ള വികസന പ്രയാണത്തിൽ നിർണ്ണായക നാഴികക്കല്ലുകൾ നാം ഒന്നിച്ച് പിന്നിട്ടു. ഇനി മുന്നോട്ടും നമ്മുടെ പാർലമെന്റ് മണ്ഡലത്തെ സംബന്ധിച്ച് എന്റെ മനസ്സിലുള്ള വികസന പദ്ധതികളെ യാഥാർത്ഥ്യമാക്കി മാറ്റുവാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് എന്നെ മുന്നോട്ടു നയിക്കുന്നത്.

ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എന്നെ "കൈ" അടയാളത്തിൽ വോട്ടുരേഖപ്പെടുത്തി വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**ആന്റോ ആന്റണി**

പത്തനംതിട്ട
20/03/2024

**നമ്മുടെ ചിഹ്നം**

Printed and Published by UDF Election Committee Convenor Pathanamthitta, Printed @ Penta offset Kottayam, Copies: 150000